(സി) ഇതനുസരിച്ച് എത്ര തേക്കിൻകഴകൾ കഴിഞ്ഞ വർഷം മാറ്റി സ്ഥാപിച്ചിട്ടുണ്ട് ; ഇനിയും എത്രയെണ്ണം മാറ്റി സ്ഥാപിക്കുവാൻ ബാക്കിയുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) അത്യന്തം ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുന്ന ഇത്തരം തേക്കിൻകഴകൾ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല.

(ബി) ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥരാണ് ഈ ചുമതല നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരായവർ. നിലവിൽ 52088 എണ്ണം കേടായ തേക്കിൻ കഴകൾ മാറ്റി സ്ഥാപിക്കുവാനുണ്ട്.

(സി) കഴിഞ്ഞ വർഷം 19104 തേക്കിൻ കഴകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇനി 52088 എണ്ണം മാറ്റി സ്ഥാപിക്കാനുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പെൻഷൻപറ്റിയവരെ അനധികൃതമായി ജോലിക്ക് നിയോഗിക്കുന്ന നടപടി

28 (4636). ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിൽ പെൻഷൻ പറ്റിയ എത്ര ജീവനക്കാരെ ഇപ്പോൾ വിവിധ പണികൾക്കായി നിയോഗിച്ചിട്ടുണ്ട് ; ഇവർക്ക് കൊടുക്കുന്ന ശമ്പളം എത്ര ;

(ബി) പാറശ്ശാല മുതൽ കാസർഗോഡ് വരെ എത്ര ഇലക്ട്രിക്കൽ സെക്ഷനുകളിൽ പെൻഷൻ പറ്റിയവർക്ക് നിയമനം നൽകാതെ അറ്റകുറ്റപണികൾ ലൈൻ ഫാൾട്ടുകൾ എന്നിവ തീർത്തു കൊടുക്കാൻ നിയോഗിച്ചിരിക്കുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) വൈദ്യുതി മേഖലയിലെ ഇത്തരം പ്രവൃത്തികൾ പെൻഷൻ പറ്റിയവരെക്കൊണ്ടു ചെയ്യിക്കുന്ന ഉദ്യോഗസ്ഥരെ മാറ്റി നിർത്തി ഇതിലെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ-സി) പെൻഷൻപറ്റിയ ജീവനക്കാരെ പുനർനിയമനപ്രകാരം നിയോഗിച്ചിട്ടില്ല. എന്നാൽ അറ്റകുറ്റപ്പണികൾ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ പെൻഷൻ പറ്റിയ ജീവനക്കാർ ഏറ്റെടുത്ത് നടത്തുന്നതിന് വിലക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly